WEDNESDAY ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 25/08/2021

1. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രയിനിംങ്ങ് സെന്ററിലെ സെന്റർ ഓഫ് എക്സലൻസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം മൃഗസംരക്ഷണ ക്ഷീരവികസന മൃഗശാല വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി ഇന്ന് (25–08–2021 ന് ) ഉച്ചയ്ക്ക് 2 മണിക്ക് നിർവ്വഹിക്കും.

2. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന ഓർഗാനിക് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ സയൻസസ് എന്നീ രണ്ട് ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈനായി 26.08.2021 തീയ്യതി വരെ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. തിരുവനന്തപുരം ആനയറവേൾഡ്മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വിൽപ്പന കേന്ദ്രത്തിൽ നല്ലയിനം കുറ്റ്യാടി തെങ്ങിൻതൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എം.ഐ.ഡി.എച്ച് പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പൈനാപ്പിൾകൃഷി, ടിഷ്യൂകൾച്ചർവാഴ, പപ്പായകൃഷി, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാംഗോസ്റ്റിൻ, കുടംപുളി, ഞാവൽ, ഹൈബ്രിഡ് പച്ചക്കറികൃഷി, കശുമാവ് എന്നിവയ്ക്കും പുൽവെട്ടിയന്ത്രം, മാനുവൽസ്പ്രേയർ, പ്രൈമറി മിനിമൽ പ്രോസസ്സിംഗ്യൂണിറ്റ്, റൈപ്പനിംഗ് ചേമ്പർ, ഇന്റഗ്രേറ്റഡ് പാക്ക്ഹൗസ് തുടങ്ങിയവയ്ക്കും സബ്സിഡി ലഭ്യമാണ്. തൃശൂർ ജില്ലയിലെ കർഷകർ ഈ മാസം 26-ാം തീയതിക്കു മുമ്പയി അതാത് ബ്ലോക്കിലെ കൃഷിഭവനുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകേണ്ടതാണെന്ന് തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

5. റബ്ബർബോർഡ് കോൾസെന്ററിന്റെ പ്രവർത്തനസമയം തിങ്കൾ മുതൽ വെള്ളി വരെയുള്ള എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാണ്. റബ്ബർബോർഡിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടെനിന്ന് ലഭിക്കും. റബ്ബറധിഷ്ഠിതചെറുകിടവ്യവസായങ്ങൾ തുടങ്ങാൻ ജില്ലാ വ്യവസായകേന്ദ്രങ്ങൾ നൽകുന്ന ധനസഹായപദ്ധതികളെക്കുറിച്ചുള്ള സംശയങ്ങൾക്ക് ഇന്ന് (25ന് ) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കോട്ടയം ജില്ലാവ്യവസായകേന്ദ്രത്തിലെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 - 2576622 ആണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കെപ്കോയിൽ നിന്നും ഉൽപാദിപ്പിക്കുന്ന 45 മുതൽ 60 ദിവസം പ്രായമുളള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000923** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിനുള്ള ഉദ്യോഗാർഥികളുടെ ഇന്റർവ്യൂ വേങ്ങേരിയിലുള്ള കർഷക പരിശീലന കേന്ദ്രത്തിൽ (എഫ്.ടി.സി വേങ്ങേരി) വച്ച് രാവിലെ 10 മുതൽ വൈകീട്ട് 5 വരെ ഇന്നും നാളെയും തുടരുന്നതാണെന്ന് കോഴിക്കോട് ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ **9847402917**

8. വാഴപ്പള്ളി പഞ്ചായത്തിൽ ആട് സാറ്റലൈറ്റ് പദ്ധതി, കറവയന്ത്രം സ്ഥാപിക്കൽ, കൺസർവേഷൻ ഓഫ് ലൈവ്സ്റ്റോക്ക് ബയോവേയ്സ്റ്റ് റ്റു മാന്വർ, താറാവ് വളർത്തൽ, മൃഗസംരക്ഷണ മേഖലയിലെ വായ്പകൾക്കുള്ള സഹായധനം തുടങ്ങി വിവിധ പദ്ധതികളിലേയ്ക്കുള്ള അപേക്ഷകൾ ഈ മാസം 31 ന് വൈകിട്ട് മൂന്നു മണിയ്ക്കു മുൻപായി തുരുത്തി മൃഗാശുപത്രിയിൽ നൽകണമെന്ന് തുരുത്തി വെറ്ററിനറി സർജൻ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2321244** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

9. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (25.08.2021) രാവിലെ 11 മണി മുതൽ **സുഗന്ധ വിളകളുടെ ശാസ്ത്രീയ പരിചരണം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

10. കോട്ടയം ജില്ലയിലെ കർഷക പരിശീലന കേന്ദ്രമായ കോഴ ആർ എ റ്റി റ്റി സിയുടെ ആഭിമുഖ്യത്തിൽ ഇന്ന് ( 25ന് ) ഉച്ചതിരിഞ്ഞ് 2 മണിമുതൽ **മഴമറകൃഷി ശാസ്ത്രീയ വശങ്ങൾ** എന്ന വിഷയത്തിൽ ഫേസ് ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. www.Facebook.com/rattckozhaofficial എന്ന പേജിലൂടെ തത്സമയം പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഇന്ന് (ആഗസ്റ്റ് 25-ന്) **പശുക്കളിലെ വന്ധ്യത കാരണങ്ങളും പ്രതിവിധിയും** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി 04842631355 **എന്ന ഫോൺ നമ്പരിലോ 9188522708** എന്ന വാട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

12. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും ഇന്ന് (ആഗസ്റ്റ് 25-ന്) **പശു പരിപാലനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും പരിശീലനത്തിന്റെ പേരും വാട്ട്സാപ്പ് സന്ദേശമായി അയച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് **04829 234323** എന്ന നമ്പരിൽ ബന്ധപ്പെടുക.

13. ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 27 ന് രാവിലെ 11 മണിക്ക് **കേരള സഹകരണ നിയമം വകുപ്പുകളും ചട്ടങ്ങളും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11 മണിയ്ക്ക് meet.google.com/uya-gywr-ugn എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിലോ dtcalahur@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.